DESPATCHED
On. 25/02/2020

28/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.73(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.847/എസ്.ഐ.സി–ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.കെ.എ. സക്കീർ
കാരോത്ത്കുന്ന്, മുപ്പത്തടം,
ആലുവ–683 110 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പ്രാഥമിക ആരോഗ്യ കേന്ദ്രം,
ചേരാനെല്ലൂർ.പി.ഒ.,
എറണാകുളം– 682 034 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.01.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 25.01.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 25.01.2020<br>സ്പാർക്ക് ഹാൾ,കളക്ടറേറ്റ് ,എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.എ.സക്കീർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമ പ്രകാരം ടിയാൻ നൽകിയ അപേക്ഷ സ്വീകരിക്കാൻ പോലും എതിർകക്ഷി തയ്യാറായില്ലായെന്നും ഒരു വാഗ്വാദത്തിനുശേഷം മാത്രമാണ് അപേക്ഷ സ്വീകരിച്ചതെന്നും വിവരാവകാശ ഓഫീസർ ആരാണെന്ന് എതിർകക്ഷി ഓഫീസിലെ ഒരു സ്റ്റാഫിനും അറിയില്ലെന്നു പറഞ്ഞുവെന്നും മെഡിക്കൽ ഓഫീസറുടെ ചാർജ്ജ് വഹിക്കുന്ന ഡോക്ടറെ സമീപിച്ച് കാര്യം പറഞ്ഞപ്പോൾ വിവരാവകാശ നിയമത്തെ കുറിച്ചോ അപേക്ഷ സ്വീകരിക്കുന്ന നടപടി ക്രമത്തെ കുറിച്ചോ അവർക്കറിയില്ലായെന്ന് അറിയിച്ചുവെന്നും വാഗ്വാദത്തിനുശേഷം അപേക്ഷ സ്വീകരിക്കുവാൻ അവർ സമ്മതിച്ചെങ്കിലും മേൽപ്പടി അപേക്ഷ കൈപ്പറ്റി എന്ന രേഖ നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചുവെന്നും അപേക്ഷയുടെ ഫോട്ടോ കോപ്പിയിൽ ഒപ്പിട്ടെങ്കിലും ഓഫീസ് സീൽ വച്ചു തരാൻ മടിച്ചുവെന്നും ഏറെ നേരത്തെ ശ്രമകരമായ വാഗ്വാദത്തിനു ശേഷമാണ് ഓഫീസ് സീൽ വച്ചു നൽകിയതെന്നും അക്നോളഡ്ജ്മെന്റ് കിട്ടണമെങ്കിൽ രജിസ്റ്റേർഡ് തപാലായി അപേക്ഷ അയയ്ക്കാനാണ് നിർദ്ദേശിച്ചതെന്നും മേൽപ്പടി നിയമ ലംഘനത്തിനെതിരെ ഉചിതമായ നടപടി എടുക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 1997–98 സാമ്പത്തിക വർഷം മുതൽ 2016–17 സാമ്പത്തിക വർഷം വരെ 9, 10, 11, 12 പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസ് വഴി ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗുണഭോക്താക്കൾക്കായി നടപ്പാക്കിയ താഴെപ്പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്.

i) പ്രോജക്ടിന്റെ പേര്

ii) ചെലവാക്കിയ തുക(ഇനം തിരിച്ച്)

iii) നടപ്പാക്കിയ വർഷം

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 18.01.2018 തീയതി വിവരാവകാശ നിയമ പ്രകാരം മറുപടി ലഭിക്കുന്നതിനായി ഹർജിക്കാരൻ എതിർകക്ഷി ഓഫീസിനെ സമീപിച്ചിരുന്നുവെന്നും എന്നാൽ ഹർജിക്കാരന്റെ പരാതിയിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള കാര്യങ്ങൾ നടന്നിട്ടില്ലായെ

RIGHT TO INFORMATION

ന്നും അപേക്ഷ ഓഫീസിൽ സമർപ്പിച്ചതിനുശേഷം ഫോട്ടോസ്റ്റാറ്റ് പകർപ്പിൽ ഒറിജിനൽ പകർപ്പ് ലഭിച്ചുവെന്ന് എഴുതി ഒപ്പിട്ട് മെഡിക്കൽ ഓഫീസറുടെ സീലും ഓഫീസ് സീലും വച്ചു തരണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടുവെന്നും ഓഫീസ് സീൽ വച്ചു നൽകാം എന്നും എന്നാൽ മെഡിക്കൽ ഓഫീസറുടെ സീൽ വച്ചു നൽകാൻ സാധിക്കുകയില്ലെന്ന് അറിയിക്കുകയുണ്ടായി എന്നും ഹർജിക്കാരൻ മെഡിക്കൽ ഓഫീസറെ സമീപിച്ചപ്പോൾ മേൽപ്പടി കത്ത് പബ്ളിക് ഇൻഫർമേഷൻ ഓഫീസറാണ് സ്വീകരിക്കേണ്ടതെന്ന് ടിയാനെ പറഞ്ഞു ബോധ്യപ്പെടുത്തിയിരുന്നുവെന്നും ടി സ്ഥാപനം പ്രാഥമിക ആരോഗ്യ കേന്ദ്രമായതിനാൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലില്ലെന്നും മേൽപ്പടി സ്ഥാപനത്തിൽ ഒരു ക്ലാർക്കും ഓഫീസ് അറ്റൻഡന്റും മാത്രമെ നിലവിലുള്ളൂവെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ആക്ഷേപം ടിയാന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ എതിർകക്ഷി ഓഫീസ് സ്വീകരിക്കാൻ വിസമ്മതിച്ചുവെന്നും ടിയാന്റെ അപേക്ഷയിന്മേൽ ഓഫീസ് സീൽ പതിച്ച് രസീതു നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചുവെന്നും രസീത് ആവശ്യമുണ്ടെങ്കിൽ രജിസ്റ്റേഡ് തപാലിൽ അപേക്ഷ അയയ്ക്കാനാണ് നിർദ്ദേശിച്ചത് എന്നും മറ്റുമാണ്. മേൽപ്പടി കാര്യങ്ങൾ ഹർജിക്കാരൻ ആരോപിക്കുന്ന പ്രകാരം നടന്നിട്ടില്ലായെന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ PHC ചേരാനല്ലൂർ ഓഫീസിലെ മെഡിക്കൽ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ സ്വീകരിച്ച് അപേക്ഷയിന്മേൽ രസീതു നൽകാനുള്ള ഉത്തരവാദിത്വം എതിർകക്ഷി ഓഫീസിനുണ്ട്. അത്തരം രസീതുകളിൽ ഓഫീസ് സീൽ പതിച്ച് തീയതി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ അത്തരം രസീതിൽ മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ് ഒപ്പിട്ട് നൽകണമെന്ന് വ്യവസ്ഥയില്ല. ഹർജിക്കാരന്റെ ആക്ഷേപം സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തി (ചേരാനല്ലൂർ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ) ഒരു റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്. മേൽപ്പടി റിപ്പോർട്ട് ലഭ്യമായശേഷം ഹർജിക്കാരന്റെ പരാമർശിത ഹർജിയിന്മേൽ മറ്റു നടപടികൾ ആവശ്യമുണ്ടോ എന്നതു സംബന്ധിച്ച് കമ്മീഷൻ തീരുമാനം കൈക്കൊള്ളുന്നതാണ്.

RIGHT TO INFORMATION

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 28–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION